# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5795 — 05.07.2013-ൽ മറുപടിയ്ക്ക്

## ഇന്ത്യൻ റോഡ് കോൺഗ്രസ്സ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ സ്പെസിഫിക്കേഷൻ കേരളത്തിലെ റോഡുകളുടെ നിർമ്മാണത്തിൽ പാലിക്കാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (ബി) KRFB തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൻ കീഴിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഇൻഡിപെൻഡന്റ് എഞ്ചിനീയർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.<br>കെ.എസ്.ടി.പി പദ്ധതിയിൽ ചെയ്യുന്ന അപ്ഗ്രഡേഷൻ, ഹെവിമെയിന്റനൻസ് പ്രവൃത്തികളിൽ പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ തന്നെ കരാർ വ്യവസ്ഥ അനുസരിച്ച് ഗുണനിലവാര പരിശോധനയ്ക്കുള്ള ലാബറട്ടറികൾ സ്ഥാപിച്ച് ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ എസ്റ്റിമേറ്റുകളിൽ വ്യക്തിഗത ഇനങ്ങളുടെ സ്പെസിഫിക്കേഷൻ തന്നെ മോർത്ത് (MoRTH) പ്രകാരമാണ് ഇപ്പോൾ അംഗീകരിച്ചിരിക്കുന്നത്.<br>ദേശീയപാതാവിഭാഗത്തിൽ പണികൾ നടക്കുമ്പോൾ തന്നെ ഗുണനിലവാര പരിശോധന കൂടി നടത്താറുണ്ട്. IRC യുടെയും MoRTH ന്റെയും സ്പെസിഫിക്കേഷൻ നിഷ്കർഷിക്കുന്ന പരിശോധനകളാണ് നടത്താറുള്ളത്. |

(സി) ഗുണനിലവാര പരിശോധനയ്ക്ക് അത്യാധുനിക സംവിധാനത്തോടു കൂടിയുള്ള പരിശോധന ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അവ എവിടെയാണെന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പരിശോധനകൾ നടത്തിയെന്നും വിശദമാക്കുമോ ?

**(സി)&(ഡി):**

എല്ലാ ജില്ലകളിലും പരിശോധനാ ലാബുകളുടെ സജ്ജീകരണം ഏതാണ്ട് അന്തിമഘട്ടത്തിലാണ്. ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ദേശീയപാതയിലെ ഗുണനിലവാര പരിശോധനയ്ക്കായി രണ്ട് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ (ഒന്ന് തൃശ്ശൂരും മറ്റൊന്ന് എറണാകുളത്തും) പ്രവർത്തിക്കുന്നുണ്ട്. അവർ പ്രവൃത്തികളുടെ ഗുണനിലവാരം നിരന്തരം പരിശോധിച്ച് ആയത് ഉറപ്പാക്കാറുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ രണ്ട് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകളിലായി കഴിഞ്ഞ സാമ്പത്തിക വർഷം മൊത്തം 382 ടെസ്റ്റുകൾ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ